കണ്ണൂർ ജില്ലയിലെ പെരുമ്പം പറമ്പ-കല്ലുവയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ

86 (3727) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ. പി. നമ്പർ 7137 അനുസരിച്ച് 1999 സെപ്റ്റംബർ 16-ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രകാരം കണ്ണൂർ ജില്ലയിലെ പെരുമ്പംപറമ്പ് -കല്ലുവയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യാൻ പൊതുമരാമത്തു വകുപ്പിന്റെ 17-11-1999-ലെ 10362/ സി 1/99 ഉത്തരവ് പ്രകാരം നൽകിയ നിർദ്ദേശം നടപ്പിലാക്കിയോ ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പെരുമ്പംപറമ്പ് - കല്ലുവയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടില്ല. ഇത് കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയ റോഡായതിനാൽ ഈ റോഡ് പണിയുടെ കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകി കോടതി വിധി നടപ്പാക്കുവാൻ ഈ വകുപ്പിന്റെ 1-3-2000-ലെ അനൗദ്യോഗിക കുറിപ്പ് നം. 10362/ സി1/പൊ.മ.വ. പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിവരം ബഹു. എം. എൽ. എ. യെ 1-3-2000-ലെ 10362/ സി3/പി.ഡബ്ല്യൂ. നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് ഇപ്പോൾ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലായതിനാലാണ് പൊതുമരാമത്ത് വകുപ്പ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്താത്തത്.

പരസ്യം നൽകുന്നതിന് ആർച്ച് മോഡലിൽ സ്ഥിരം സംവിധാനം

87 (3728) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, മറ്റ് പ്രധാനപ്പെട്ട റോഡുകൾ എന്നിവയിൽ റോഡ് ക്രോസ് ചെയ്ത് സ്ഥിരമായി പരസ്യം നൽകുന്നതിന് 'ആർച്ച് മോഡലിൽ' സ്ഥിരം സംവിധാനത്തോടു കൂടിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ആർക്കെല്ലാം അനുമതി നൽകിയിട്ടുണ്ട് ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച കാരാറിലെ വ്യവസ്ഥകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; എത്ര നാളത്തേക്കാണ് കരാർ നൽകിയിട്ടുള്ളത് ; ഇതുമൂലം സംസ്ഥാന സർക്കാരിന് എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കരാറിലെ മറ്റു വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly